മാതൃഭൂമി

20 May 2017

# മത്തി പിന്നെയും കുറയുന്നു; ലഭ്യതയിൽ മൂന്നാമത്

**കൊച്ചി:** സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ മത്തി മൂന്നാം സ്ഥാനത്തായി.

## കുറവ് 32.8%



തിരിയാൻ, അയല എന്നിവയാണ് കഴിഞ്ഞ വർഷം മത്തിയെക്കാൾ കൂടുതൽ കേരളത്തിൽ കിട്ടിയത്. ആദ്യമായാണ് കേരളത്തിലെ മത്സ്യ ലഭ്യതയിൽ മത്തി മൂന്നാം സ്ഥാനത്താവുന്നത്.

ഇന്ത്യയിൽ ഏറ്റവുമധികം ലഭിച്ചത് അയലയാണെങ്കിലും കേരളത്തിൽ ഇതും കുറയുകയാണെന്ന് സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പുറത്തുവിട്ട വാർഷിക കണക്കുകൾ വ്യക്തമാക്കുന്നു.

രാജ്യത്ത് മൊത്തം മത്സ്യലഭ്യതയിൽ കേരളം ഇതാദ്യമായി നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ഗുജറാത്താണ് ഒന്നാമത്.

45,958 ടൺ മത്തിയാണ് 2016-ൽ കേരളത്തിൽ കിട്ടിയത്. തൊട്ടു മുൻ വർഷത്തെക്കാൾ 32.8 ശതമാനം കുറവാണിത്.

2012-ൽ 3.9 ലക്ഷം ടൺ സംസ്ഥാനത്ത് കിട്ടിയിരുന്നു. അവിടെ നിന്നാണ് ക്രമേണ കുറയുന്നത്. എന്നാൽ ഈ വർഷം ഇതുവരെ മത്തി കൂടുന്നതായാണ് കാണുന്നതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പത്ര സമ്മേളനത്തിൽ പറഞ്ഞു. കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ചത് വറ്റ ഇനത്തിൽപ്പെട്ട തിരിയാൻ മീനാണ്; 0.54 ലക്ഷം ടൺ.

മൃഗങ്ങൾക്കും മത്സ്യങ്ങൾക്കും തീറ്റയുണ്ടാക്കാനായി ഇതരസംസ്ഥാനങ്ങളിലെ ഫാക്ടറികളിലേക്കാണ് ഇവ ഏറ്റവുമധികം പോകുന്നത്. അതുകൊണ്ടുതന്നെ ആഭ്യന്തരവിപണിയിൽ അത്ര കാണപ്പെടാറില്ല.

അളവ് 33 ശതമാനം കുറഞ്ഞെങ്കിലും രണ്ടാമത് അയലയാണ്. മലയാളിയുടെ ഇഷ്ട മീനായ കിളിമീനും കുറയുകയാണ്. കേരളത്തിൽ മാത്രമായി ഒരു മീനും സി.എം.എഫ്.ആർ.ഐ. കണ്ടെത്തിയിട്ടുണ്ട്- പുള്ളി അയല. ഗുജറാത്ത്, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുടെ പിന്നിലായെങ്കിലും സംസ്ഥാനത്ത് മീൻലഭ്യത എട്ടു ശതമാനം കൂടി.

ഇതര മത്തിവർഗങ്ങൾ, തിരിയാൻ, കലവ ഇനത്തിൽപ്പെട്ട മീനുകൾ എന്നിവ കൂടിയതാണ് കാരണം. 1999-നു ശേഷം ഇതാദ്യമായി രാജ്യത്ത് ലഭ്യതയിൽ അയല ഒന്നാമതെത്തി. ബംഗാളികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട മീനായ ഹിൽസ വൻതോതിൽ കൂടിയിട്ടുണ്ട്. കിലോയ്ക്ക് രണ്ടായിരം രൂപ വരെയാകുന്ന മീനാണിത്. രാജ്യത്ത് മീൻ ലഭ്യത 6.6 ശതമാനം കൂടി.

ഡോ. ടി.വി. സത്യാനന്ദൻ, ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പ്രതിഭ രോഹിത്, ഡോ. പി.യു. സക്കറിയ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## കേരളത്തിനു മാത്രമായി പുള്ളി അയല; രാജ്യത്ത് കൂടിയത് ഉണ്ണിമേരി



പുള്ളി അയല



ഉണ്ണിമേരിമീൻ

**കൊച്ചി:** പുള്ളി അയല - മീൻ ഇഷ്ടപ്പെടുന്നവരുടെ വിഭവങ്ങളിൽ ഇപ്പോൾ ഇതും ഇടംപിടിക്കുന്നു.

കേരളത്തിൽ മാത്രമായി കഴിഞ്ഞ രണ്ടു വർഷത്തിനിടെ കണ്ടെത്തിയ മീനാണിത്. 2016-ൽ ആയിരം ടൺ കിട്ടിയെന്നാണ് സി.എം.എഫ്.ആർ.ഐ.യുടെ കണക്കുകൾ.

രാജ്യത്ത് ഏറ്റവും കൂടുതൽ കിട്ടിയത് ദേശീയ മത്സ്യമായ അയലയാണ്. പക്ഷേ വർധന നിരക്ക് ഏറ്റവും കാണിച്ചത് ബുൾസ് ഐ എന്ന മീനാണ്. ഉണ്ണിമേരി എന്നാണ് കേരളത്തിൽ ഇതിന്റെ വിളിപ്പേര്. 2015-ൽ കേവലം 4,691 ടൺ മാത്രം ലഭിച്ച ഈ മീൻ കഴിഞ്ഞ വർഷം ആറിരട്ടി വർധിച്ച് 1.3 ലക്ഷം ടൺ ആയി. രാജ്യത്ത് 2.49 ലക്ഷം ടൺ അയലയാണ് കഴിഞ്ഞ വർഷം പിടിച്ചത്. കൂടുതലും കർണാടകയിൽ നിന്നായിരുന്നു.

അയല വർഗത്തിൽപ്പെടുന്നതാണ് പുള്ളി അയല. പുള്ളിത്തിരിയാൻ എന്നും പേരുണ്ട്. ഡോ. ഇ.എം. അബ്ദുസമദിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘം ഇതിന് 'ഇന്ത്യൻ ചബ് മാക്കറൽ' എന്ന പേര് നൽകിയിട്ടുണ്ട്. 2015-ൽ ഗുജറാത്ത് തീരത്തും പിന്നീട് കന്യാകുമാരി തീരത്തുമാണ് കണ്ടത്. ഇപ്പോൾ കേരളത്തിൽ മാത്രമേ കണ്ടുവരുന്നുള്ളൂ. തെക്കൻ കേരളത്തിലാണ് കൂടുതൽ കിട്ടുന്നത്. കറുത്ത പുള്ളികളോടെ ഉരുണ്ട പ്രകൃതിയാണ് മീനിനുള്ളത്. മൃദുല മാംസം. രുചി ഏതാണ്ട് അയലയ്ക്ക് സമാനം.